"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അനുലക്ഷ്മി.സി.ജി., ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1265/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 10.07.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

**സ.ഉ.(സാധാ) നം.2637/2023/H&FWD തീയതി,തിരുവനന്തപുരം, 11-10-2023**

പരാമർശം:- 1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം.

2. ഡോ.അനുലക്ഷ്മി.സി.ജി. ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച, 01.07.2023 തീയതിയായ അപ്പീൽ (Annexure A7).

3. OA No.1265/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 10.07.2023-ലെ ഉത്തരവ്

4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ 2023 പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷക ഓപ്റ്റ് ചെയ്ത തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സ്ഥലംമാറ്റം അനുവദിച്ച് കരട് സ്ഥലംമാറ്റ പട്ടികയിൽ ചേർക്കപ്പെട്ടു. എന്നാൽ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി. പ്രസ്തുത നടപടിക്കെതിരെ ഒഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അനുലക്ഷ്മി.സി.ജി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA No.1265/2023 ഫയൽ ചെയ്യുകയും

491785

GOVERNMENT OF KERALA 2017-18

ഉണ്ടായി. പരാമർശം (3) ഉത്തരവ് പ്രകാരം അപേക്ഷകയെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുന്നതിനും പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു .

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകയെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3) കരട് സ്ഥലംമാറ്റ ഉത്തരവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നെങ്കിലും അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായി എന്നും ആരോഗ്യ പരമായ കാരണങ്ങളാൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രി വരെ യാത്ര ചെയ്യുന്നതിന് കഴിയാതെ വരുന്നതായും ആയതിനാൽ കരട് സ്ഥലംമാറ്റ പട്ടികയിൽ അനുവദിച്ചത് പ്രകാരം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിയമനം നൽകണമെന്നും പരാമർശം (2) അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടു.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി) തസ്തികയിലെ സ്ഥലംമാറ്റ നിയമനങ്ങളിൽ അപാകതയുള്ളതായി കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ അപേക്ഷകക്കും മറ്റു ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്കും ചുവടെ അവരുടെ പേരിനെതിരെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് നിയമനം നൽകി അപാകത പരിഹരിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചു:

- ഡോ.അനുലക്ഷ്മി.സി. ജി.- ജനറൽ ആശുപത്രി, തിരുവനന്തപുരം
- ഡോ.ജീവൻ ശ്രീവത്സൻ - താലൂക്ക് ആസ്ഥാന ആശുപത്രി, വർക്കല, തിരുവനന്തപുരം.
- ഡോ.നീതു.എസ്.പി. - താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല.
- ഡോ.മായ മേനോൻ - ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം.
- ഡോ.ബിന്ദു.വി.എസ്. (പൊതുസ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റം നൽകിയിരുന്നില്ല) - താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല, പത്തനംതിട്ട.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് മേൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഉൾപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് അവരവരുടെ പേരിനെതിരെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.1265/2023-മേലുള്ള 10.07.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം / പത്തനംതിട്ട.

ഡോ.അനുലക്ഷ്മി.സി. ജി., ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി), "കാർത്തിക", PRA 130, പാതിരാപ്പള്ളി ലെയ്ൻ, പൂജപ്പുര.പി.ഒ, തിരുവനന്തപുരം - 695 121.

91784

GOVERNMENT OF KERALA 2017-18

ഡോ.ജീവൻ ശ്രീവത്സൻ, ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി), ജനറൽ ആശുപത്രി, തിരുവനന്തപുരം.

ഡോ.നീതു.എസ്.പി., ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി), താലൂക്ക് ആസ്ഥാന ആശുപത്രി, വർക്കല, കൊല്ലം.

ഡോ.മായ മേനോൻ, ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി), താലൂക്ക് ആസ്ഥാന ആശുപത്രി, കായംകുളം, ആലപ്പുഴ.

ഡോ.ബിന്ദു.വി.എസ്., ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി), താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 12-10-2023 11:38:36

മേലെഴുത്ത് നം. ഇ.എ.- 5160/2023/ആ.വ.വ, തീയതി 12.10.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നു.

ആ.വ.വയ്ക്കുവേ